
# SSLC EXAMINATION, MARCH-2019

## SOCIAL SCIENCE

**Time: $2^{1/2}$ Hours** Total Score : 80

<table>
<tr><td>Qn</td><td>INDICATORS</td><td>MARK</td></tr>
<tr><td colspan="3">PART A</td></tr>
<tr><td>1</td><td>ചമ്പാരൻ സത്യാഗ്രഹം (1917)</td><td>1</td></tr>
<tr><td>2</td><td>ജർമി ബെൻതാം</td><td>1</td></tr>
<tr><td>3</td><td>c) ഹിമാചൽ</td><td>1</td></tr>
<tr><td>4</td><td>b) മഹിളാ ബാങ്ക്</td><td>1</td></tr>
<tr><td>5</td><td>d) ചണം കൃഷി</td><td>1</td></tr>
<tr><td>6</td><td><table><tr><td>A</td><td>B</td></tr><tr><td></td><td>വില്യം ജോൺസ്</td></tr><tr><td></td><td>മഹാത്മ ഗാന്ധി</td></tr><tr><td></td><td>ജൊനാഥൻ ഡങ്കൻ</td></tr><tr><td></td><td>പണ്ഡിത രമാഭായി</td></tr></table></td><td>4</td></tr>
<tr><td>7</td><td>വടക്കു കിഴക്കൻ മൺസൂൺ കാലം<br>▪ ഇന്ത്യയിൽ ഒക്ടോബർ, നവംബർ മാസങ്ങളിൽ അനുഭവപ്പെടുന്നു.<br>▪ സൂര്യൻ ദക്ഷിണാർധ ഗോളത്തിലേക്ക് അയനം ചെയ്യുന്നതിനാൽ ഉത്തര സമതലത്തിൽ ഉച്ചമർദ്ദം അനുഭവപ്പെടുന്നു.<br>▪ എന്നാൽ ഇന്ത്യൻ മഹാസമുദ്രത്തിൽ ന്യൂനമർദ്ദ മായതിനാൽ ഇന്ത്യയുടെ വടക്കു ഭാഗത്തു നിന്ന് കാറ്റ് ഇന്ത്യൻ സമുദ്രത്തിലേക്ക് വീശുന്നു<br>▪ വടക്കു കിഴക്ക് ദിശയിൽ നിന്ന് വീശുന്നതിനാൽ വടക്കു കിഴക്കൻ മൺസൂൺ കാറ്റുകൾ എന്ന് അറിയപ്പെടുന്നു.</td><td>3</td></tr>
<tr><td>8</td><td>ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വം<br>a. സ്വാഭാവിക പൗരത്വം<br>b. ആർജിതപൗരത്വം</td><td>3</td></tr>
<tr><td>9</td><td>അഭിമുഖം<br>▪ വ്യക്തിയുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, സ്വാഭാവം എന്നിവ വിശകലനം ചെയ്യുന്നു.<br>സോഷ്യൽ സർവ്വെ<br>▪ സർവ്വേയിലൂടെ വിഷയത്തിന്റെ സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സഹായിക്കുന്നു.</td><td>3</td></tr>
<tr><td>10</td><td>ഇന്ത്യയിൽ ഗോതമ്പ് കൃഷിക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ<br>• കാർഷിക കാലം : റാബി<br>• അനുയോജ്യമായ മണ്ണിനം : നീർ വാർച്ചയുള്ള എക്കൽ മണ്ണ്<br>• ശരാശരി താപനില :10 ഡിഗ്രി മുതൽ 26 ഡിഗ്രി സെൽഷ്യസ് വരെ<br>• വർഷിക മഴ ലഭ്യത : 75 സെ മീ<br>• സംസ്ഥാനങ്ങൾ : പഞ്ചാബ്, ഹരിയാന, ഉത്തർ പ്രദേശ്, രാജസ്ഥാൻ</td><td>3</td></tr>
<tr><td>11</td><td>വാണിജ്യബാങ്കുകൾ ജനങ്ങൾക്ക് വായ്പ നൽകുന്നത്<br>▪ കൃഷി ആവശ്യങ്ങൾക്ക്<br>▪ വ്യവസായ ആവശ്യങ്ങൾക്ക്<br>▪ വീടു നിർമ്മാണം<br>▪ വാഹങ്ങൾ വാങ്ങാൻ<br>▪ വീട്ടുപകരണങ്ങൾ വാങ്ങാൻ</td><td>3</td></tr>
<tr><td>12</td><td>ശാശ്വത ഭൂനികുതി വ്യവസ്ഥ</td><td>4</td></tr>
</table>

A+ EDUCARE

| | | |
|---|---|---|
| | ▪ സെമീന്ദാർമാർ നികുതി പിരിച്ചെടുക്കുന്നു<br>▪ ഭൂമിയുടെ ഉടമസ്ഥാവകാശം സെമീന്ദാർമാർക്കായിരിക്കും<br>▪ ഉത്പാദനത്തിന്റെ 60% നികുതിയായി നൽകേണ്ടി വരുന്നു.<br>▪ നിശ്ചിത തിയ്യതിക്കു മുമ്പു തന്നെ നികുതി പണമായി നൽകേണ്ടി വരുന്നു. | |
| 13 | മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ<br>• വിദ്യഭ്യാസം<br>• ആരോഗ്യപരിപാലനം<br>• പരിശീലനങ്ങൾ<br>• സാമൂഹിക മൂലധനം<br>• സാക്ഷരത<br>• പ്രതീക്ഷിത ആയുർദൈർഘ്യം (ഏതെങ്കിലും 4 എണ്ണം) | 4 |
| 14 | ജനങ്ങൾ തദ്ദേശീയ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ തുടങ്ങി<br>➢ ഖാദി വസ്ത്രങ്ങൾ നെയ്തു<br>➢ ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു<br>➢ ഇംഗ്ലീഷിനു പകരം ഹിന്ദി പ്രചരിപ്പിച്ചു. | 4 |
| 15 |  | 4 |
| | PART B | |
| 16 | ചൗ എൻ ലായ് (1954)<br>▪ പരസ്പരം അക്രമിക്കാതിരിക്കുക<br>▪ സമത്വവും പരസ്പര സഹായവും പുലർത്തുക<br>▪ OR<br>▪ ഖിലാഫത്ത് പ്രസ്ഥാനം ശക്തിപ്പെട്ടതിനെ തുടർന്ന് ബ്രിട്ടീഷുകാരുമായുള്ള നേരിട്ടുള്ള ഏറ്റുമുട്ടൽ<br>▪ ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലെ മാപ്പിളകർഷകർ ശക്തമായ | 3 |

<table>
<tr><td></td><td>പോരാട്ടം ബ്രിട്ടീഷ് നയത്തിനെതിരെ നടത്തി<br>▪ ഇതിനെ മലബാർ കലാപം (1921) എന്ന വിളിക്കുന്നു.</td><td></td></tr>
<tr><td>17</td><td>അന്തരീക്ഷ മർദ്ധത്തിൽ വ്യതിയാനമുണ്ടാകാൻ കാരണങ്ങൾ മൂന്നെണ്ണം<br>▪ പ്രദേശത്തിന്റെ ഉയരം<br>▪ താപം<br>▪ ആർദ്രത<br>ഇവ മൂന്നും അന്തരീക്ഷ മർദ്ധവുയുമായി വിപരീത അനുപാതത്തിൽ ആണ്.<br>OR<br><table><tr><td></td><td>a) ഉത്തരായന രേഖ</td><td>b) ഗ്രീഷ്മ അയനാന്ത ദിനം</td></tr><tr><td></td><td>c) ഭൂമധ്യരേഖ</td><td>d) സമരാത്രദിനം (വിഷുവം)</td></tr><tr><td></td><td>d) ദക്ഷിണായന രേഖ</td><td>e) ശൈത്യ അയനാന്ത ദിനം</td></tr></table></td><td>3</td></tr>
<tr><td>18</td><td>▪ സ്വതന്ത്രലബ്ദിയുടെ സമയത്ത് ഏകദേശം 600 ഓളം നാട്ടുരാജ്യങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നു.<br>▪ ഏത് യൂണിയനിൽ ചേരാനും ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു.<br>▪ കേന്ദ്രമന്ത്രിസഭയിൽ സംസ്ഥാനങ്ങളുടെ ചുമതല സർദാർ വല്ലഭായ് പട്ടേലിനായിരുന്നു.<br>▪ വി.പി മേനോൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ആയിരുന്നു.<br>▪ പട്ടേലും, വി.പി മേനോനും ചേർന്ന് ലയനക്കരാറുണ്ടാക്കി.<br>▪ പ്രതിരോധം, വാർത്താവിനിമയം, വിദേശകാര്യം എന്നീ വകുപ്പുകൾ നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാറിനു കൈമാറണം<br>OR<br>▪ മലബാറിൽ നടന്ന ശക്തമായ ചെറുത്ത് നിൽപിന് നേതൃത്വം നൽകിയത് പഴശ്ശിരാജയാണ്<br>▪ മൈസൂരിലെ ഭരണാധികാരികൾക്കെതിരെ ബ്രിട്ടീഷുകാരെ സഹായിച്ചതിന് പകരം കോട്ടയം ഭരണപ്രദേശത്തെ നികുതി പിരിക്കാനുള്ള അധികാരം വാഗ്ദാനം ചെയ്തിരുന്നു.<br>▪ വിജയിച്ചതിന് ശേഷം വാഗ്ദാനം നിറവേറ്റിയില്ല.<br>▪ പിന്നീട് ബ്രിട്ടീഷ് നീതികേടുകൾക്കെതിരെ പഴശ്ശി പോരാട്ടം ആരംഭിച്ചു<br>▪ 1805 നവംബർ 30 ന് പഴശ്ശി മരണപ്പെട്ടു.</td><td>3</td></tr>
<tr><td>19</td><td>▪ ഭരണനിർവഹണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുക<br>▪ കാലതാമസം കൂടാതെ സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടി.<br><u>നടപടികൾ</u><br>ഇ– ഗവേണൻസ്<br>▪ ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണിത്.<br>▪ ഗവൺമെന്റ് സേവനങ്ങൽ വേഗത്തിലും എളുപ്പത്തിലും ജനങ്ങൾക്ക് ലഭിക്കുന്നു.<br>▪ വിവരസാങ്കേതിക വിദ്യ സേവനരംഗത്ത് പ്രയോജനപ്പെടുത്തുന്നു.<br>▪ സർക്കാർ സേവനം കുറഞ്ഞ ചിലവിൽ ലഭ്യമാക്കുന്നു.<br>OR<br>▪ അവരവരുടെ പ്രവർത്തനങ്ങളേ വിമർശനാത്മകമായി വിലയിരുത്തുക<br>▪ പൊതു താത്പര്യം ഹനിക്കാതെ സ്വന്തം താത്പര്യങ്ങൾക്ക വേണ്ടി പരിശ്രമിക്കുക.<br>▪ മറ്റുള്ളവരിൽ പ്രതീക്ഷിക്കുന്ന മാറ്റം നമ്മളിൽ നിന്നു തുടങ്ങുക.<br>▪ അവകാശത്തിനൊപ്പം ചുമതലകൾക്കും തുല്യ പരിഗണന നൽകുക.</td><td>4</td></tr>
</table>

A+ EDUCARE

**20** (4)

| പ്രത്യക്ഷ നികുതി | പരോക്ഷനികുതി |
|---|---|
| ▪ നികുതി ചുമത്തപ്പെടുന്ന ആൾ തന്നെ നികുതി അടക്കുന്നു<br>▪ നികുതി ഭാരം നികുതിദായകർ അറിയുന്നു<br>▪ നികുതി പിരിവിന് ചെലവ് താരതമ്യേനെ കൂടുതലാണ് | ▪ നികുതി ചുമത്തപ്പെടുന്നത് ഒരാളിലും നൽകുന്നത് മറ്റൊരാളും<br>▪ നികുതിഭാരം നികുതിദായകർ അറിയുന്നില്ല<br>▪ നികുതി പിരിവിന് ചെലവ് താരതമ്യേനെ കുറവാണ്. |

OR

ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന വകുപ്പുകളും സ്ഥാപനങ്ങളും

| | |
|---|---|
| ലീഗൽ മെട്രോളജി വകുപ്പ് | അളവ് തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു |
| ഭക്ഷ്യ സുരക്ഷാ വകുപ്പ് | ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു. |
| കേന്ദ്ര ഔഷധ വില നിയന്ത്രണകമ്മിറ്റി | മരുന്നുകളുടെ വില നിയന്ത്രിക്കുന്നു. |
| ഡ്രഗ്സ് കൺട്രോൾ വകുപ്പ് | മരുന്നുകളുടെ ഗുണമേന്മ, സുരക്ഷിതത്വം ഉറപ്പു വരുത്തുന്നു. |
| ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ | ഉൽപ്പാദനം, വിതരണം, സംഭരണം, വിൽപന, ഇറക്കുമതി തുടങ്ങിയ ഘട്ടങ്ങളിൽ ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നു |

**21**

ഇന്ത്യൻ സിവിൽ സർവ്വീസ്

a) അഖിലേന്ത്യാ സർവ്വീസ്

b) കേന്ദ്രസർവ്വീസ്

- ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു
- കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
- ഉദാ IFS ഇന്ത്യനാം സിവിൽ സർവ്വീസ്

c) സംസ്ഥാനസർവ്വീസ്

OR

- ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാത്പര്യമാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം

ഘടകങ്ങൾ

കുടുംബം, വിദ്യാഭ്യാസം, സംഘടനകൾ, സാമൂഹ്യവ്യവസ്ഥ, രാഷ്ട്രീയവ്യവസ്ഥ

കുടുംബം

- മുതിർന്നവരെ ബഹുമാനിക്കുക
- അംഗങ്ങളിൽ കർത്തവ്യ ബോധം വളർത്തുക
- സാമൂഹ്യസേവനത്തിലേർപ്പെടുന്നതിന് പ്രചോദനം നൽകുക.

A+ EDUCARE

**22**

വിദൂര സംവേദനം

- ഒരു വസ്തുവിനേയോ പ്രദേശത്തേയോ പ്രതിഭാസത്തേയോ സംബന്ധിക്കുന്ന വിവരങ്ങൾ സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന രീതിയാണ് വിദൂരസംവേദനം

പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി വിദൂര സംവേദനത്തെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

**a) ഭൂതല ചായാഗ്രഹണം**

- ഭൂതലത്തിൽ നിന്നോ അതിലെ ഉയർന്ന തലങ്ങളിൽ നിന്നോ ഭൗമോപരിതലത്തിന്റെ ചിത്രങ്ങൾ എടുക്കുന്നു.
- ഉദാ ക്യാമറ ഉപയോഗിച്ച് ചിത്രങ്ങൾ എടുക്കുന്നത്.



**b) ആകാശീയ വിദൂര സംവേദനം**

- ബലൂണുകളിലോ വിമാനങ്ങളിലോ ഉറപ്പിച്ചിട്ടുള്ള ക്യാമറയുടെ സഹായത്തോടെ ഭൂതലത്തിന്റെ ചിത്രങ്ങൾ പകർത്തുന്നു.താരതമ്യേന വിസ്തൃതി കുറഞ്ഞ പ്രദേശത്തിന്റെ ചിത്രങ്ങൾ പകർത്തുന്നതിന്.

**c) ഉപഗ്രഹ വിദൂര സംവേദനം**

- കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള സെൻസറുകൾ വഴി വിവര ശേഖരണം നടത്തുന്ന പ്രക്രിയ.

OR

| | | സവിശേഷത | നിറം |
|---|---|---|---|
| (i) |  | കേന്ദ്രീകൃത വാസസ്ഥലങ്ങൾ | ചുവപ്പ് |
| (ii) |  | റെയിൽ പാത-മീറ്റർ ഗേജ് | കറുപ്പ് |
| (iii) |  | ടാർ ചെയ്യാത്ത റോഡ് | ചുവപ്പ് |
| (iii) |  | കോണ്ടൂർ രേഖകൾ | തവിട്ട് |

**23** (4)

ഉപഭോക്തൃ കോടതിയിൽ പരാതി നൽകാവുന്ന സന്ദർഭങ്ങൾ

- വിലയ്ക്ക് വാങ്ങിയ സാധനത്തിന് കേടുപാടുകൾ സംഭവിച്ചാൽ
- മായം ചേർക്കൽ നിരോധന നിയമം ലംഘിച്ചാൽ
- തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകൽ
- ജീവന് ഹാനികരമായതോ സുരക്ഷിതമല്ലാത്തതോ ആയ സാധങ്ങൽ വിൽക്കുക
- വിവിധ സർക്കാർ/സർക്കാർ ഇതര/സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച സേവനത്തിൻ പോരായ്മകൾ ഉണ്ടാവുക.
- നിയമാനുസൃതം രേഖപ്പെടുത്തിയിട്ടുള്ളതോ നിർണയിക്കപ്പെട്ടതോ ആയ വിലയേക്കാൾ കൂടുതൽ വില ഈടാക്കുക

OR

നികുതിയേതര വരുമാന മാർഗങ്ങൾ

| | |
|---|---|
| ഫീസ് | സർക്കാർ സേവങ്ങൾക്കുള്ള പ്രതിഫലമായി ഈടാക്കുന്നതാണ് ഫീസ്<br>ഉദാ : ലൈസൻസ് ഫീസ്, രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ് |
| ഫൈൻകളും, പെനൽട്ടികളും | നിയമം ലംഘിക്കുന്നതിനു നലകുന്ന ശിക്ഷയാണ് ഫൈൻ, പെനൽട്ടി |
| ഗ്രാന്റ് | ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്ന സാമ്പത്തിക സഹായം |
| പലിശ | സർക്കാർ വിവിധ സംരംഭങ്ങൾക്കും ഏജൻസികൾക്കും നൽകുന്ന വായ്പകൾക്ക് പലിശ ലഭിക്കുന്നു. |
| ലാഭം | സർക്കാർ നടത്തുന്ന സംരംഭങ്ങളിൽ നിന്നുള്ള വരുമാനമാണ് ലാഭം |

A+ EDUCARE

| | | |
|---|---|---|
| 24 | ആഗോള വാതങ്ങൾ<br>▪ ആഗോളമർദ്ധമേഖലക്കിടയിൽ അനുഭവപ്പെടുന്ന കാറ്റുകളാണ് ആഗോളവാതങ്ങൾ.<br>1. **വാണിജ്യവാതങ്ങൾ**<br>▪ ഉപോഷ്ണ ഉച്ചമർദ്ദമേഖലകളിൽ നിന്നും മധ്യരേഖാന്യൂനമർദ്ദമേഖലയിലേക്ക് വീശുന്ന കാറ്റുകളാണിവ.<br>▪ പണ്ടുകാലത്തെ കച്ചവടക്കാരെ സഹായിച്ചിരുന്നതു കൊണ്ടാണ് ആ പേരു വന്നത്.<br>▪ ഉത്തരാർദ്ദ ഗോളത്തിൽ വടക്കു കിഴക്കു ദിശയിൽ നിന്നും ദക്ഷിണാർദ്ദ ഗോളത്തിൽ തെക്ക് കിഴക്കു ദിശയിൽ നിന്നും വീശുന്നു<br>▪ സംഗമ സ്ഥാനം ഇന്റർ ട്രോപ്പിക്കൽ കണവർജൻസ് സോൺ (ITCZ) എന്നറിയപ്പെടുന്നു.<br>2. **പശ്ചിമ വാതങ്ങൾ**<br>▪ ഉപോഷ്ണ ഉച്ചമർദ്ദ മേഖലകളിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദമേഖലയിലേക്ക് വീശുന്ന കാറ്റുകളാണിവ.<br>▪ ദിശ പടിഞ്ഞാറു നിന്നായതുകൊണ്ട് പശ്ചിമ വാതങ്ങൾ എന്നറിയപ്പെടുന്നു.<br>▪ ദക്ഷിണാർധ ഗോളം ഏറിയ പങ്കും സമുദ്രമായതിനാൽ ഈ കാറ്റുകൾക്ക് അവിടെ വേഗത കൂടുതലാണ്<br>OR<br>i. $180^0$ രേഖാംശ രേഖയാണ് അന്തരാഷ്ട്ര ദിനാങ്കരേഖ<br>ii. മറ്റ് രേഖാംശരേഖകളെപ്പോലെ അന്തരാഷ്ട്ര ദിനാങ്കരേഖ ഒരു നേർരേഖയല്ല<br>▪ ഈ രേഖ കടന്നു പോകുന്ന പ്രദേശങ്ങളിലെ കരഭാഗം പൂർണ്ണമായി ഒഴിവാക്കി കൊണ്ടാണ് വരച്ചിട്ടുള്ളത്. ഈ രേഖ മുറിച്ച് കടന്ന് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരികൾ കലണ്ടറിൽ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു.<br>iii.<br>ഗ്രീനിച്ച് രേഖ$(0^o)$= ഉച്ചക്ക് 12 മണി<br>അന്തരാഷ്ട്ര ദിനാങ്കരേഖ $(180^0)$ =……..?<br>രേഖാംശ വ്യത്യാസം = $180^0$<br>സമയവ്യത്യാസം = 180 x4 മിനുട്ട്<br>= 720 മിനിറ്റ്<br>$\frac{720}{60}$ = 12 മണിക്കൂർ<br>∴ ഗ്രീനിച്ച് സമയം + സമയവ്യത്യാസം<br>ഉച്ചക്ക് 12 + 12 മണിക്കൂർ<br>= 12 am രാത്രി | 5 |
| 25 | ഒന്നാമത്തെ എസ്റ്റേറ്റ് – പുരോഹിതൻ<br>രണ്ടാമത്തെ എസ്റ്റേറ്റ് – പ്രഭുക്കൻമാർ<br>മൂന്നാമത്തെ എസ്റ്റേറ്റ് – സാധാരണക്കാർ (കർഷകർ, കച്ചവടക്കാർ, തൊഴിലാളികൾ)<br>▪ മൂന്നാമത്തെ എസ്റ്റേറ്റിന് ഭരണത്തിൽ അവകാശമില്ല<br>▪ സർക്കാറിന് നികുതി നൽകണം<br>▪ താഴ്ന്ന സാമൂഹിക പദവി<br>▪ പ്രഭുക്കൻമാർക്കും പുരോഹിതൻമാർക്കും നികുതി നൽകണം<br>▪ വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യൂ എന്നിവരുടെ ആശയങ്ങൾ ഫിസിയോ ക്രാറ്റുകൾ<br>▪ ഫിലോസഫറുകൾ (വിശകലനം ചെയ്യൽ)<br>OR<br>▪ ബഹുരാഷ്ട്രകമ്പനികളുടെ കടന്നുവരവ് നവസാമ്രാജ്യത്തിലേക്കെത്തുന്നു.<br>▪ നവസാമ്രാജ്യ ആശയങ്ങൾ, ആഗോളവൽകരണം, ഉദാരവൽകരണം, സ്വകാര്യവൽകരണം | 6 |

A+ EDUCARE

| | | |
|---|---|---|
| | ▪ ഇതിലൂടെ വികസ്വര,അവികസിത രാജ്യങ്ങളിലെ ചൂഷണം<br>ആഗോളവൽകരണം<br>▪ രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയെ ആഗോള സമ്പദ് വ്യവസ്ഥയുമായി ബന്ധിപ്പിച്ചു.<br>▪ ബഹുരാഷ്ട്രകമ്പനികളുടെ താത്പര്യം സംരക്ഷിച്ചു.<br>▪ മത്സരകമ്പോളം<br>▪ അതിരുകളില്ലാതെ ഉത്പന്നം, സേവനം, വിഭവം, മൂലധനം, പുത്തൻ സാങ്കേതികവിദ്യ, മനുഷ്യവിഭവശേഷി എന്നിവയുടെ ഒഴുക്ക് | |


Prepared by:

Sarjas K T [HST-SS]
PPMHSS Kottukkara
Kondotty, Malappuram

Ali afsal [HST-SS]
Aplus Educare
Athanikkal-Vaidyrangadi- Ramanattukara
Mob: 9072708051
**aplusеducare.blogspot.com**


A+ EDUCARE